# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ചെങ്കള ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് ആവശ്യത്തിലേയ്ക്ക് വാഹനം വങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ)നം. 82/13/തസ്വഭവ തിരുവനന്തപുരം, തീയതി. 11/01/2013

---

പരാമർശം:-(1)16.12.11 ലെ സ.ഉ.(സാധാ)നം.2992/11/തസ്വഭവ നമ്പർ ഉത്തരവ്

(2) 17.12.12.ലെ സ.ഉ(സാധ)നം.3993/12/തസ്വഭവ നമ്പർ ഉത്തരവ്

(3) ചെങ്കള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.12.12 ലെ ലെ കത്ത്.

(4) 3.1.13 ലെ 3.16-ാം നമ്പർ കോർഡിനേഷൻ കമ്മിറ്റി തീരുമാനം.

## ഉത്തരവ്

ചെങ്കള ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉപയോഗത്തിലുള്ള അംബാസിഡർ കാർ കണ്ടം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം ഒരു വാഹനം വാങ്ങുന്നതിന് പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ മേൽപ്പറഞ്ഞിട്ടുള്ള വാഹനം കണ്ടം ചെയ്യുന്നതിനും പുതിയ ഒരു വാഹനം വാങ്ങുന്നതിനുമുള്ള അനുമതിക്കായി പരാമർശം മൂന്ന് പ്രകാരം ചെങ്കള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെങ്കള ഗ്രാമപഞ്ചായത്തിന്റെ പഴയ ഓഫീസ് വാഹനം ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം പുതിയ ജീപ്പ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി.വത്സല
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(LBA&A), തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചെങ്കള ഗ്രാമപഞ്ചായത്ത്, കാസർഗോഡ്
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ